പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 207

# 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 207

# 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

847/2024(i).

# 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

2024-2025 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2024-2025 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരി ക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2024-2025 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 17,56,28,000 രൂപ നൽകൽ.—2024-2025 സാമ്പത്തികവർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും ആകെ പതിനേഴ് കോടി അൻപത്തി ആറ് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2024-2025 സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2024-2025 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരതത്തിന്റെ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എൻ. ബാലഗോപാൽ

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിതനിധി യിന്മേൽ ചാർജ്ജ് ചെയ്തത് (₹)* | *ആകെ (₹)* |
| 1 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 3,000 | *1,000* | 4,000 |
| 2 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 1,000 | .. | 1,000 |
| 3 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 1,000 | .. | 1,000 |
| 4 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | .. | *20,68,000* | 20,68,000 |
| 5 | XVIII | വൈദ്യസഹായരംഗവും | റവന്യൂ | .. | *82,58,000* | 82,58,000 |
| | | പൊതുജനാരോഗ്യവും | മൂലധനം | .. | *2,83,58,000* | 2,83,58,000 |
| 6 | XIX | കുടുംബക്ഷേമം | റവന്യൂ | .. | *1,81,000* | 1,81,000 |
| 7 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | റവന്യൂ | 1,000 | .. | 1,000 |
| 8 | XXX | ഭക്ഷ്യം | റവന്യൂ | .. | *11,91,000* | 11,91,000 |
| 9 | XXXII | ക്ഷീരവികസനം | മൂലധനം | 1,000 | .. | 1,000 |
| 10 | XXXIII | മത്സ്യബന്ധനം | മൂലധനം | 1,000 | .. | 1,000 |
| 11 | XXXVII | വ്യവസായങ്ങൾ | മൂലധനം | 1,51,50,000 | *4,12,000* | 1,55,62,000 |
| 12 | XL | തുറമുഖങ്ങൾ | മൂലധനം | 12,00,01,000 | .. | 12,00,01,000 |
| | | | ആകെ | 13,51,59,000 | *4,04,69,000* | 17,56,28,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2024-2025 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരതത്തിന്റെ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എൻ. ബാലഗോപാൽ